"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 29.01.2025

# കൈക്കൂലി വാങ്ങിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ.

കൊച്ചി കോർപ്പറേഷനിലെ സർക്കിൾ - 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ അഖിൽ ജിഷ്ണു കലൂർ സബർമതിറോഡിലെ ഹൈലാന്റ് ടവറിൽ പാൽ ഉല്പന്നങ്ങളുടെ വിൽപ്പന നടത്തുന്ന സ്ഥാപനത്തിന്റെ ഉടമയിൽ നിന്നും 10000/- രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (29/01/2025) എറണാകുളം വിജിലൻസ് പിടികൂടി.

എറണാകുളം ജില്ലയിലെ കലൂർ സ്വദേശിയും കലൂർ സബർമതിറോഡിലെ ഹൈലാന്റ് ടവറിൽ പാൽ ഉല്പന്നങ്ങളുടെ വിൽപ്പന നടത്തുന്ന സ്ഥാപനത്തിന്റെ ലൈസെൻസ് പുതുക്കി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷന് അപേക്ഷ നൽകിയിരുന്നു. എന്നാൽ കെട്ടിട നമ്പറിൽ മറ്റൊരു അപേക്ഷ നിലവിലുണ്ടെന്നും മറ്റുമുള്ള പല കാരണം പറഞ്ഞ് നിരസിക്കുകയും തുടർന്ന് പരാതിക്കാരൻ ഇക്കഴിഞ്ഞ 22 തീയതി ഹെൽത്ത് ഇൻസ്പെക്ടറായ അഖിൽ ജിഷ്ണുവിനെ നേരിൽ കണ്ടപ്പോൾ ലൈസൻസ് പുതുക്കി ലഭിക്കുന്നതിന് 10000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവെ ഇന്ന് (29/01/2025) വൈകുന്നേരം 08.00 മണിക്ക് ആലുവ എൻ.എ.ഡി റോഡിൽ വച്ച് പരാതിക്കാരനിൽ നിന്നും 10000/- രൂപ കൈക്കൂലി വാങ്ങവേ എറണാകുളം ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ അഖിൽ ജിഷ്ണുവിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ എറണാകുളം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.